# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

# കോഓർഡിനേഷൻ സമിതി

## 04.09.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.15ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പു മന്ത്രിയും ബഹു.നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.082013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2013-14 വാർഷിക പദ്ധതി അംഗീകാരവും പദ്ധതി നിർവഹണ ചെലവു പുരോഗതി അടുത്ത യോഗത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചു. പദ്ധതി നിർവഹണ ചെലവ് വളരെ കുറവായാണ് വെബ്സൈറ്റിൽ കാണുന്നതെന്നും ഐ.കെ.എം. സർവറിന്റെ തകരാറുകൊണ്ടാണോ ഇതു സംഭവിക്കുന്നതെന്ന് സംശയമുള്ളതായും യോഗത്തിൽ വ്യക്തമാക്കപ്പെട്ടു. പുതിയ സർവർ വാങ്ങുന്നതിന് ഏകദേശം ഒരു വർഷം മുമ്പു തന്നെ തീരുമാനമെടുക്കുകയും ഫണ്ട് നീക്കി വയ്ക്കുകയും ചെയ്തെങ്കിലും ഇതുവരെയും അത് പ്രാവർത്തികമായിട്ടില്ല എന്ന് യോഗം നിരീക്ഷിച്ചു.

**2.2** പദ്ധതി രൂപീകരണ നടപടികളുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനങ്ങൾ കൃത്യമായി നിർവചിച്ചിട്ടില്ല. വെറ്റിംഗ് ഓഫീസർമാർ നിരസിച്ച കൊല്ലം കോർപ്പറേഷന്റെ 23 പ്രോജക്ടുകൾ ഇപ്പോൾ സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ മുമ്പാകെ വന്നിട്ടുമുണ്ട്. അതിനാൽ അപ്പലേറ്റ് കമ്മിറ്റി യോഗം ചേർന്നശേഷം പ്രവർത്തനം സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്താവുന്നതാണെന്ന് തീരുമാനിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭവന നിർമ്മാണ പദ്ധതികളുമായി ബന്ധപ്പെട്ട് വീട് പ്ലെഡ്ജ് ചെയ്ത് ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യേണ്ട എഗ്രിമെന്റിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നത് സംബന്ധിച്ച് ടാക്സസ് വകുപ്പിലേയ്ക്ക് ശുപാർശ അയച്ചിരുന്നെങ്കിലും ഇതുവരെയും തീരുമാനമായിട്ടില്ലെന്ന് യോഗം നിരീക്ഷിച്ചു. കാബിനറ്റ് യോഗത്തിൽ അജണ്ടയ്ക്കു പുറമേ ചർച്ച ചെയ്യാൻ ഈ വിഷയം സംബന്ധിച്ച് ഒരു കുറിപ്പ് ബഹു. മന്ത്രിമാർ ചേർന്ന് നൽകണമെന്ന് തീരുമാനിച്ചു

**2.4** നടപ്പു സാമ്പത്തിക വർഷത്തിൽ സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കി ഭവന നിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിക്കണമെന്ന് തീരുമാനിച്ചിരുന്നെങ്കിലും വളരെ കുറച്ച് പഞ്ചായത്തുകൾ മാത്രമേ ഇക്കാര്യത്തിൽ പുരോഗതി കൈവരിച്ചിട്ടുള്ളൂ എന്നു നിരീക്ഷിച്ചു. ഹൗസിംഗ് ബോർഡ്, ഫിഷറീസ്, പട്ടികജാതി/പട്ടികവർഗ വികസനം തുടങ്ങി വിവിധ വകുപ്പുകളും ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നെങ്കിലും ഇവയ്ക്കൊന്നും തന്നെ സംയോജന (integration / convergenece) സ്വഭാവമില്ല. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ട ഉത്തരവാദിത്വം ഗ്രാമസഭകൾക്കായതിനാൽ അടിസ്ഥാനപരമായി നിർവഹണ ചുമതല പഞ്ചായത്തുകൾക്കാണ്. ഒരു പദ്ധതിയിലും ഭവനങ്ങൾക്കൊന്നും തന്നെ പ്രാമാണികമായ രൂപകൽപനയും (standard design) ഇല്ല. അതിനാൽ ഈ വിഷയങ്ങളെല്ലാം പരിഗണിച്ച് ഒരു "സംയോജിത ഭവന നിർമ്മാണ പദ്ധതി" ആവിഷ്ക്കരിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 തദ്ദേശസ്വയംഭരണ വകുപ്പിലെ റോഡ് റോളറുകൾ

**(ഫയൽ നം. 77934/ഡി.എ1/13/തസ്വഭവ)തീയതി.04.09.2013**

പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് റോളറുകളിൽ പ്രവർത്തന രഹിതമായവ ലേലം ചെയ്ത് വിൽക്കുന്നതിനും, പ്രവർത്തനക്ഷമമായവയുടെ തൽസ്ഥിതി തുടരാനും, നഗരകാര്യ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ റോഡു റോളറുകളും ലേലം ചെയ്യാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 റ്റി.എസ്.പി. ഫണ്ട് വിനിയോഗം – കോട്ടയം ജില്ലാകളക്ടറുടെ കത്ത്

**(ഫയൽ 47363/ഡി.ബി/തസ്വഭവ)തീയതി. 04.09.2013**

മലയോര മേഖലയിൽ ഹെഡ്‌ലോഡ് അലവൻസിനും ഹിൽ അലവൻസിനും ഷെഡ്യൂൾ ഓഫ് റേറ്റ്സിന് ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ടെന്ന കാര്യം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 പെരിന്തൽമണ്ണ നഗരസഭ (ഫയൽ നം. 47363/ഡി.ബി3/13/തസ്വഭവ) തീയതി. 04.09.2013

നഗരസഭയുടെ ആവശ്യം അനുസരിച്ച് പ്ലാൻ ഫണ്ട് ഉപയോഗിക്കേണ്ടതില്ലെന്ന വ്യവസ്ഥയിൽ തനത് ഫണ്ട് ഉപയോഗിച്ച് 10 ലക്ഷം രൂപയിൽ കവിയാതെയുള്ള തുക വാഹനം വാങ്ങാൻ അനുമതി നൽകാനും തീരുമാനിച്ചു. അതോടൊപ്പം പഴയ വാഹനം വിൽക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 ഗവ.കോളേജിന് സ്ഥലം – ബഹു. എം.എൽ.എ.ശ്രീ.കോടിയേരി ബാലകൃഷ്ണന്റെ കത്ത് (ഫയൽ നം.54191/എഫ്.എം.2/13/തസ്വഭവ) തീയതി. 04.09.2013

തലശ്ശേരി മണ്ഡലത്തിലെ ചൊക്ലിയിൽ ആരംഭിക്കുന്ന ഗവൺമെന്റ് കോളേജിന് സ്ഥലം വാങ്ങാൻ മണ്ഡലത്തിലെ ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപയിൽ കൂടാതെയും നിയോജക മണ്ഡലത്തിലെ ബ്ലോക്ക് പഞ്ചായത്തുകൾ 25 ലക്ഷം രൂപയിൽ കൂടാതെയും ഗ്രാമപഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കൂടാതെയും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5 കോട്ടയം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 43701/ഡി.ബി3/13/തസ്വഭവ) തീയതി.04.09.2013

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 1811/ഡി.എ2/13/തസ്വഭവ)**
**തീയതി.04.09.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിന്മേൽ വൈദ്യുതീകരിക്കാത്ത വീടുകൾക്ക് നൽകാൻ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കൊല്ലം ജില്ലാപഞ്ചായത്ത്**
**(ഫയൽ നം. 41063/ഡി.ബി.3/13/തസ്വഭവ) തീയതി.04.09.2013**

കൊല്ലം ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് തുടർ ചെലവുകൾ ഫാമിന്റെ ഫണ്ടിൽ നിന്ന് ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ വാഹനം വാങ്ങാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ആർട്ടിസാൻസ് ഡെവലപ്മെന്റ് കോഓപ്പറേറ്റീവ് സൊസൈറ്റി**

**(ഫയൽ നം. 70401/ഡി.എ1/13/തസ്വഭവ) തീയതി.04.09.2013**

ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന് ഫർണിച്ചർ വിതരണത്തിനുള്ള അനുവാദം 17.01.2013 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച സാഹചര്യത്തിൽ സുലേഖ സോഫ്ട് വെയറിൽ ഉൾപ്പെടുത്താനും, 17.01.2014 മുതൽ അക്രഡിറ്റേഷനു വേണ്ടി പുതിയ എൻ.ജി.ഒ നയം അനുസരിച്ച് അപേക്ഷിക്കണമെന്ന് നിർദ്ദേശിച്ചും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 49062/ഡി.എ2/13/തസ്വഭവ)**
**തീയതി.04.09.2013**

നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് മാർഗരേഖയിൽ പരാമർശിക്കുന്ന ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയാണ് വേണ്ടതെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 പറപ്പൂർ ഗ്രാമപഞ്ചായത്ത്   (ഫയൽ നം. 5984/ഡി.ബി.3/13/തസ്വഭവ)**
**തീയതി.04.09.2013**

പറപ്പൂർ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന വാഹനം വാങ്ങി നൽകൽ പദ്ധതിക്ക് പാലിയേറ്റീവ് കെയർ പദ്ധതിക്കുള്ള മാർഗരേഖ നിശ്ചയിച്ചശേഷം അനുമതി നൽകുന്ന കാര്യം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കാസർഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം.52070/ഡി.ബി3/13/തസ്വഭവ)**
**തീയതി.04.09.2013**

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാനും പഴയ വാഹനം ലേലം ചെയ്ത് വിൽക്കുന്നതിന്റെ വിവരം റിപ്പോർട്ട് ചെയ്യാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബാൾ അക്കാഡമി**

**(ഫയൽ നം. 43209/ഇ.എം.2/13/തസ്വഭവ)തീയതി.04.09.2013**

മലപ്പുറം ജില്ലാ സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബാൾ അക്കാഡമിക്ക് ഇനിയും സംഭാവന നൽകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2013-14 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് തീയതി.04.09.2013**

3.9 ഇനം തീരുമാനം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിനും ബാധകമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് തീയതി.04.09.2013**

ജലനിധി പദ്ധതിക്ക് തുക വകയിരുത്തുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ഈ വർഷത്തേയ്ക്ക് പ്രത്യേക കേസായി അംഗീകരിക്കാൻ തീരുമാനിച്ചു. മേലാറ്റൂർ ഗ്രാമപഞ്ചായത്തിനും ഈ ആനുകൂല്യം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ഇരിക്കൂർ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം സംബന്ധിച്ച് തീയതി.04.09.2013**

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. ധനകാര്യ വകുപ്പിന്റെ നടപടി സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കവിയൂർ ഗ്രാമപഞ്ചായത്ത് തീയതി.04.09.2013**

കവിയൂർ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 സാമൂഹ്യനീതി ഡയറക്ടറുടെ കത്ത് തീയതി.04.09.2013**

സാമൂഹ്യനീതി ദിനാഘോഷത്തിന് മലപ്പുറം ജില്ലയിലെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും സംഭാവന നൽകാനുള്ള ആവശ്യത്തിന്മേൽ യഥേഷ്ടാനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 25.09.2013-ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.30 ന് അവസാനിച്ചു)**